കവിത



കാരൂർ സോമൻ



# മഴ പെയ്യാതിരിക്കുന്നത്

ഒരു സ്കെച്ച്പെൻ വേണമെന്ന് ഞാൻ
വരയ്ക്കാൻ മതിലു വേണ്ടേയെന്നു ഞാൻ
ഒടുവിൽ ഞങ്ങൾ ഒരു തീരുമാനത്തിലെത്തി
ചിത്രമെഴുത്തു നമുക്ക് പറ്റിയ പണിയല്ല.

അങ്ങനെയിരിക്കെ ഭാര്യ ചോദിച്ചു
നിങ്ങൾക്ക് ചിത്രമെഴുത്തു പഠിച്ചൂടേ?
ദാലിയെ അറിഞ്ഞുകൂടേ
വാൻഗോഗിനെ കണ്ടുകൂടേ
ഡാവിൻചിയെ പരിചയിച്ചുകൂടേ
ചിത്രമെഴുത്തെന്നാൽ ഹൃദയത്തെ അറിയലാണ്
പ്രണയത്തിന് പ്രാവിന്റെ നിറം കൊടുക്കലാണ്
ജീവിതം നിലനിർത്തലാണ്.

അങ്ങനെ ഞാൻ ബ്രഷെടുത്തു
പോർട്രെയിറ്റുകൾ വരച്ചു തുടങ്ങി
ലാൻഡ്സ്കേപ്പും സർറിയലിസവും
നിയോറിയലിസവും എക്സ്പ്രഷനിസവും
വരച്ചുകൂട്ടി, വര പഠിച്ചു
എന്റെ പടത്തിന് അവൾ വില പറഞ്ഞു.

ഗ്യാലറിയിൽ ഒരു കാഴ്ചക്കാരനെ പ്രതീക്ഷിച്ചു
ഉണ്ണാനാവാതെ ഉടുക്കാനാവാതെ
എത്രയെത്ര പകലുകൾ, ഇരവുകൾ
ചിത്രങ്ങൾ അക്ഷരമായി
ഞാൻ അവധി പറഞ്ഞു
മകൻ മറുജോലി തേടി പോയി
അവൾ മാത്രം എന്നെ വരയുടെ പാതയിൽ
പെരുവഴിയമ്പലത്തിൽ പിടിച്ചിരുത്തി

അങ്ങനെയിരുന്നിരുന്നാണ്
ഞാനൊരു സർവ്വേക്കല്ലായത്
അതിന്മേലൊരു ഓന്തായി ഒരിക്കൽ ദാലി വന്നു
ഡാവിൻചിക്കു വഴി പറഞ്ഞുകൊടുത്തു
പ്രണയം നിറമില്ലാതെ, മഴയും വെയിലും
കൊണ്ടു
എനിക്ക് കൂട്ടിരുന്നു
ഞങ്ങളെ തേടി ഒരു കാഴ്ചക്കാരനും വന്നില്ല.
ഭൂമിയിൽ മഴ പെയ്തതേയില്ല.